(ബി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒഴിവുള്ള അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് ശ്രീമതി അനില മേരി ഗീവർഗ്ഗീസിനെ നിയമിച്ചിരിക്കുന്നത്. നിയമനത്തിന് നേതാക്കളുടെ ബന്ധുക്കൾ എന്ന പരിഗണന നൽകാറില്ല.

(സി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനം സംബന്ധിച്ച് വകുപ്പുമന്ത്രി ഉൾപ്പെടെ ആരുടെയും പേരിൽ നിലവിൽ വിജിലൻസ് കേസുകൾ ഉള്ളതായി അറിവില്ല.

(ഡി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ അസിസ്റ്റന്റ് ഡയറക്ടർ ആകാൻ വേണ്ട യോഗ്യത അനുബന്ധം 2-ൽ *ചേർത്തിട്ടുണ്ട്.

ഡെപ്യൂട്ടേഷൻ നിയമനത്തിന് ലഭിക്കുന്ന അപേക്ഷ കെ.എസ്.ആർ. ചട്ടപ്രകാരം പരിശോധിച്ചതിനുശേഷമാണ് ഉത്തരവ് പുറപ്പെടുവിക്കാറുള്ളത്.

(ഇ) ഡെപ്യൂട്ടേഷൻ മുഖേനയാണ് നടത്തിയത്. ഇത് കെ.എസ്.ആർ. ചട്ടങ്ങൾ പാലിച്ചുള്ള നിയമനമാണ്. ഇതിനായി മാധ്യമങ്ങളിലൂടെ അപേക്ഷ ക്ഷണിച്ചിരുന്നില്ല.

വക്കം ഖാദറിന് സ്മാരകം

57 (2886) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധീരദേശാഭിമാനി വക്കം ഖാദറിന്റെ സ്മരണ നിലനിർത്തുന്നതിന്റെ ഭാഗമായി ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വക്കം ഖാദറിന് ആദരസൂചകമായി വക്കം ഗ്രാമപഞ്ചായത്തിൽ സ്മാരകം നിർമ്മിക്കുന്നതിന് സാംസ്കാരിക വകുപ്പ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വക്കം ഖാദറിന്റെ സ്മരണാർത്ഥം വക്കം ഗ്രാമപഞ്ചായത്തിൽ സ്മാരകം നിർമ്മിക്കുന്നതിന് സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി സ്മാരക നിർമ്മാണത്തിനുള്ള വിശദമായ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കിയാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്മാരക നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. സാസ്കാരിക വകുപ്പ് നേരിട്ട് സ്മാരക നിർമ്മാണം ഏറ്റെടുത്ത് നടത്താറില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly